**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 4341** **13.12.2018 -ൽ മറുപടിയ്ക്ക്**

മണപ്പാട്ടുചിറ ഡെസ്റ്റിനേഷൻ ഡവലപ്പ്മെന്റ് പ്രോജക്ട്

ചോദ്യം

ശ്രീ. റോജി എം. ജോൺ :

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | അങ്കമാലി നിയോജക മണ്ഡലത്തിലെ മണപ്പാട്ടുചിറ ഡെസ്റ്റിനേഷൻ ഡവലപ്പ്മെന്റ് പ്രോജക്ടിനായി സ.ഉ. (ആർ.റ്റി.) നമ്പർ. 328/2015/ടൂറിസം തീയതി 06/08/2015 പ്രകാരം ടൂറിസം വകുപ്പ് എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയതെന്നും എത്ര രൂപയാണ് നാളിതുവരെ ചിലവഴിച്ചതെന്നും ഇനി എത്ര രൂപയുടെ പ്രവൃത്തി ചെയ്യാനുണ്ടെന്നും വിശദമാക്കാമോ; | എ) | മുൻ എം.എൽ.എ ശ്രീ. ജോസ് തെറ്റയിലിന്റെ AIDF ഫണ്ട് ഉപയോഗിച്ച് ഒരു കോടി രൂപയ്ക്ക് നടപ്പിലാക്കാൻ ഉത്തരവായ പദ്ധതിയാണിത്. ഡി.റ്റി.പി.സിയുടെ മേൽ നോട്ടത്തിൽ M/s. KEL എന്ന ഏജൻസി മുഖേന ഏകദേശം 38,22,623/- ലക്ഷം രൂപയുടെ നിർമ്മാണം നടക്കുകയുണ്ടായി. ഇലക്ഷനെ തുടർന്ന് എം.എൽ എ മാറിയതിനാൽ AIDF ഫണ്ട് ലഭിക്കുന്നത് സംബന്ധിച്ച് സാങ്കേതിക തടസ്സം ഉണ്ടായി. മേൽപ്പടി ഫണ്ട് ടൂറിസം വകുപ്പിനോ ഡി.റ്റി.പി.സി ക്കോ ലഭിക്കുകയുണ്ടായില്ല. ആയതിനാൽ പ്രവർത്തികൾ താത്കാലികമായി നിർത്തിവയ്ക്കുകയാണുണ്ടായത്. ഭരണാനുമതിപ്രകാരം ബാക്കിയുള്ള തുക ഉപയോഗിച്ചുള്ള പ്രവർത്തികളാണ് ഇനി ചെയ്യാനുള്ളത്. |
| ബി) | പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ചുമതല ആർക്കാണെന്ന് വിശദമാക്കാമോ; | ബി) | ഡി.റ്റി.പി.സി മുഖേന M/s. KEL എന്ന ഏജൻസിക്കാണ് നിർവ്വഹണ ചുമതല |
| സി) | പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പിനായി എറണാകുളം ഡി.ടി.പി.സി സെക്രട്ടറി ഒരു കോടി രൂപ ജില്ലാകളക്ടർ/ചെയർമാൻ ഡി.ടി.പി.സി-യുടെ പേരിൽ ഒടുക്കുന്നതിനുള്ള കത്ത് 3/3/2016-ൽ ടൂറിസം ഡയറക്ടർക്ക് നൽകിയിരുന്നോ വിശദാംശം ലഭ്യമാക്കാമോ; ഈ കത്തിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | സി) | ലഭിച്ചിട്ടുണ്ട്. പ്രസ്തുത കമ്പനി ലഭിക്കുന്നതിന് മുൻപ് 14/2/2016-ൽ തന്നെ ധനകാര്യ വകുപ്പ് ഈ ഫണ്ട് ടൂറിസം ഡയറക്ടർക്കോ ഡി.റ്റി.പി.സി ചെയർമാനായ ജില്ലാ കളക്ടർക്കോ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. |
| ഡി) | മേൽ പരാമർശിച്ചിരുന്ന സർക്കാർ ഉത്തരവ് പ്രകാരം പ്രോജക്ടിന്റെ നടത്തിപ്പിനായി അനുവദിച്ച തുക പൂർണ്ണമായും ഡി.ടി.പി.സി-ക്ക് കൈമാറുന്നതിനായി എന്തെങ്കിലും തടസ്സമുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; ഇല്ലെങ്കിൽ അനുവദിച്ച തുക എന്ന് കൈമാറുമെന്ന് അറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ? | ഡി) | തടസ്സം ഉണ്ട്. ടി പദ്ധതിക്കായി അനുവദിച്ച തുക ബഹു. എം.എൽ എയുടെ ആസ്തി വികസന ഫണ്ട് വിനിയോഗ അനുമതി വകുപ്പിന് നേരിട്ട് ലഭിച്ചിട്ടില്ല. ആയതിനാൽ വകുപ്പിന്റെ മറ്റൊരു ശീർഷകത്തിൽ നിന്നും തുക വിനിയോഗിക്കുന്നതനിന് അനുമതി ലഭ്യാമാക്കുന്ന മുറയ്ക്ക് ഡി.റ്റി.പി.സി ക്ക് പദ്ധതി നടത്തിപ്പിനായി കൈമാറുന്നതാണ്. |

സെക്ഷൻ ഓഫീസർ